27865/2015-ലെ ഉത്തരവ് പ്രകാരം കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 347 (എ) സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ റോഡ് സുരക്ഷാ കമ്മിറ്റിയുടെ ശിപാർശകളുടെ പശ്ചാത്തലത്തിലും ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ വെളിച്ചത്തിലും സർക്കാരിന് പ്രായോഗികമായിചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഗതാഗത നിയമലംഘനങ്ങൾ നടത്തുന്ന ഡ്രൈവർമാർക്കുവേണ്ടി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നേരത്തെതന്നെ ഈ സംവിധാനം നിലവിലുണ്ട്. റോഡപകടങ്ങൾക്ക് കാരണമാകുന്ന മദ്യപിച്ചുള്ള വാഹനമോടിക്കൽ, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ്, സിഗ്നൽ അവഗണിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് തുടങ്ങിയ ട്രാഫിക് നിയമലംഘനങ്ങളുടെ കാര്യത്തിൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലേണേഴ്സ് ലൈസൻസ് നൽകുന്നതിന് മുമ്പായി ഗതാഗത നിയമങ്ങൾ സംബന്ധിച്ച് 2011 മുതൽ പരിശീലന ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. സുപ്രീംകോടതി നിയോഗിച്ച സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും കൗൺസിലിംഗ് നൽകുന്നുണ്ട്. സമിതിയുടെ നിർദ്ദേശങ്ങൾ ലഭിച്ചത് 19-8-2015-ന് ആയിരുന്നു. 3-9-2015 മുതൽ നടപ്പാക്കുകയുണ്ടായി.

ജലഗതാഗത വകുപ്പ്

356 (367) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല ഗതാഗത വകുപ്പിന്റേത് ഉൾപ്പടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകൾ എത്രയാണ് ;

(ബി) സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകളുടെയെല്ലാം ഓഡിറ്റ് നടത്തിയിട്ടുണ്ടോ ; തന്നാണ്ടിൽ അവശേഷിക്കുന്ന ഓഡിറ്റ് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർവേ സർട്ടിഫിക്കറ്റ് ഇല്ലാതെ എത്ര ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട് നിലവിലുള്ള ബോട്ടുകളിൽ മരം കൊണ്ട് നിർമ്മിച്ചിട്ടുള്ളത് എത്ര; സ്റ്റീൽ കൊണ്ട് നിർമ്മിച്ചിട്ടുള്ളവ എത്ര ;

(ഡി) ബോട്ടുകളുടെ ചൂമതലയുള്ള വകുപ്പിനാവശ്യമായ സർവേയർമാർ എത്ര ; നിലവിലുള്ളവർ എത്ര ?

ഉത്തരം

(എ) കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി ജലഗതാഗത വകുപ്പിന്റെ രണ്ട് സ്പെയർ ബോട്ടുൾപ്പെടെ 53 ബോട്ടുകൾ സർവ്വീസുകൾ നടത്തിവരുന്നു.

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ പ്രത്യേക ഓഡിറ്റുകൾ ഒന്നും നടത്തുന്നില്ല. കേരള തുറമുഖ വകുപ്പിന്റെ സർവ്വേയർമാർ പരിശോധന നടത്തി നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് വകുപ്പുവക ബോട്ടുകൾ സർവ്വീസുകൾക്ക് ഉപയോഗിക്കുന്നത്. വർഷത്തിലൊരിക്കൽ നടത്തുന്ന ടി പരിശോധനയ്ക്കായി വകുപ്പ് ഓൺലൈനായി അപേക്ഷ നൽകുകയും കേരള തുറമുഖ വകുപ്പിലെ അംഗീകൃത സർവേയർ കൃത്യമായി പരിശോധന നടത്തുകയുമാണ് നിലവിൽ ചെയ്തുവരുന്നത്.

(സി) വകുപ്പിന്റെ എല്ലാ സർവ്വീസ് ബോട്ടുകളും സർവ്വീസ് സർട്ടിഫിക്കറ്റുകൾ ഉള്ളവയാണ്. നിലവിലുള്ള സർവ്വീസ് ബോട്ടുകളിൽ 18 ബോട്ടുകൾ തടികൊണ്ട് നിർമ്മിച്ചവയും 35 എണ്ണം സ്റ്റീൽകൊണ്ട് നിർമ്മിച്ചവയുമാണ്.

(ഡി) ജലഗതാഗത വകുപ്പിന് കീഴിൽ സർവ്വേയർമാർ ഇല്ല. കേരള തുറമുഖ വകുപ്പിന്റെ സർവ്വേയർമാർ ആണ് വകുപ്പ് ബോട്ടുകൾ നിലവിൽ പരിശോധിച്ചു വരുന്നത്.

(4, 15,17, 24, 34, 102, 153, 164, 259, 260,323 എന്നീ ചോദ്യങ്ങളുടെ ഉത്തരം ലഭ്യമായിട്ടില്ല.)

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly